LIBRARY ARCHIVES Kerala Legislative Assembly

ജലപാത പദ്ധതി

354 (964) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലപാത പദ്ധതിയുടെ വികസന നടപടികളുടെ ഭാഗമായി പദ്ധതി പ്രദേശം നവീകരിക്കുമ്പോൾ പ്രസ്തുത പ്രദേശങ്ങളിൽ താമസിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലാ ജലപാത പദ്ധതിയുടെ ഭാഗമായി പാർവ്വതി പുത്തനാറിന്റെ ഇരുകരകളിലുമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്തുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) വർക്കല നിയോജകമണ്ഡലത്തിലുൾപ്പെടുന്ന എത്ര പേർക്ക് പുനരധിവാസ സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ടി.എസ്. കനാൽ നവീകരണത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗ് നടക്കുമ്പോൾ അപകടാവസ്ഥയിലുള്ള കുടുംബങ്ങളെ അടിയന്തരമായി മാറ്റി പാർപ്പിക്കേണ്ടതിനാൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി 76 കുടുംബങ്ങൾക്ക് പുനരധിവാസ സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്.

(സി) വർക്കല നിയോജകമണ്ഡലത്തിലെ പുനരധിവാസത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടിയും വിശദമാക്കാമോ?

16-3-2020-ലെ സ.ഉ. (ആർ.ടി.) നമ്പർ 07/2020/CSIND പ്രകാരം 60 കുടുംബങ്ങൾക്ക് 600 ലക്ഷം (6 കോടി) രൂപയുടെ ഭരണാനുമതിയും 7-1-2021-ലെ സ.ഉ. (ആർ.ടി.) നമ്പർ 12/2021/CSIND പ്രകാരം 16 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 160 ലക്ഷം (1.6 കോടി) രൂപയുടെയും ഭരണാനുമതിയും ലഭിച്ചു. 41 പേരുടെ വസ്തു രജിസ്ട്രേഷൻ പൂർത്തീകരിച്ചു. ആയത് പ്രകാരം 1,65,38,565 രൂപ ചെലവഴിച്ചു. കൂടാതെ ഭവന നിർമ്മാണത്തിന് 27 പേർക്ക് ഒന്നാം ഗഡുവും 3 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ച വക 72,11,672 രൂപ ചെലവഴിച്ചു. മേൽപ്രകാരം ആകെ 2,37,50,237 രൂപ ചെലവഴിച്ചു.

2019-ലെ പ്രളയ നഷ്ടപരിഹാരം

355 (965) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വെള്ളം കയറിയതിനാൽ വീട് ഒഴിഞ്ഞു പോകേണ്ടിവന്ന അർഹതപ്പെട്ട ഒട്ടേറെപേർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് താലൂക്കിൽ ഡാറ്റ എൻട്രി ചെയ്തതിൽ വിട്ടുപോയ എത്ര പേർക്കാണ് ഇനിയും ആനുകൂല്യം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

2557 പേർക്ക് ആനുകൂല്യം ലഭ്യമാക്കാനുണ്ട്.

(സി) വില്ലേജ് ഓഫീസ് മുഖേന തയ്യാറാക്കിയ ലിസ്റ്റിലുൾപ്പെട്ടിട്ടും ആനുകൂല്യം ലഭ്യമാകാത്തവർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കാമോ?

2019-ലെ പ്രളയത്തിൽ ദുരിതബാധിതരായി ക്യാമ്പിൽ കഴിഞ്ഞവരുടെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യപ്പെട്ടിട്ടുള്ളതും ക്രഡിറ്റ് ലിസ്റ്റിലോ റിജക്ടഡ് ലിസ്റ്റിലോ ഉൾപ്പെടാത്തതും എന്നാൽ ധനസഹായത്തിന് അർഹതയുള്ളതുമായ കോഴിക്കോട് ജില്ലയിലെ 2557 പേരുൾപ്പെടെ ആകെ 3504 പേരുടെ പട്ടിക ലഭ്യമായിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

ഭവന സമുച്ചയ നിർമ്മാണം

356 (966) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 29-2-2016-ലെ G.O(Ms) No.17/2016/HSG നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ; നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഡിമാന്റ് സർവ്വേ നടത്തിയപ്പോൾ മതിയായ ഉപഭോക്താക്കളെ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല.

ചങ്ങനാശ്ശേരി റവന്യൂ ടവർ

357 (967) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly